(ഇ) ഇപ്പോൾ ഈ കോടതിയിൽ 168 റഫറൻസ് കേസുകളും 41 സെക്ഷൻ 33 (എ) കേസുകളും നിലവിലുണ്ട്. (ഇതിൽ പലതിലും താൽകാലിക അവാർഡുകൾ വിധിച്ചിട്ടുണ്ട്.)

കൃഷിക്കായി നൽകിയിട്ടുള്ള ഭൂമി.

* 1049. [49] ശ്രീ. പി. ആർ. മാധവൻ പിള്ള: താഴെ പറയുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

റിസർവു വനത്തിൽനിന്നു കൃഷിക്കായി നൽകിയിട്ടുള്ള ഭൂമി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നു റവന്യൂവകുപ്പിലേയ്ക്ക് വിട്ടുകൊടുക്കുവാൻ ഭയവുണ്ടാകുമോ; എത്ര ഏക്കർ ഭൂമിയായിരിക്കും അങ്ങനെ വിട്ടുകൊടുക്കേണ്ടിവരിക; എത്ര ലീഡറന്മാരുടേയും, സംഘം പ്രസിഡന്റന്മാരുടേയും പേരിലാണ് ആ ഭൂമി വിട്ടുകൊടുത്തിട്ടുള്ളതു; അവർ ടി ഭൂമി പലർക്കും വിറ്റിട്ടുള്ള സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി ഭൂമി റവന്യൂ ഡിപ്പാർട്ടുമെന്റിലേയ്ക്ക് കൈമാറി, ആ ഭൂമിയിൽ അദ്ധ്വാനിക്കയും കൃഷിചെയ്യുകയും താമസിക്കുകയും ചെയ്യുന്നവർക്കുതന്നെ കുത്തകപ്പാട്ടത്തിനു നൽകുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഇപ്പോൾ കൃഷിക്കു കൊടുത്തിരിക്കുന്ന ഭൂമിയിൽ വനസംരക്ഷണത്തിനു ഹാനികരമല്ലാത്തഭാഗം റവന്യൂ ഡിപ്പാർട്ടുമെന്റിനു വിട്ടുകൊടുത്തു് ആ ഡിപ്പാർട്ടുമെന്റുവഴി കുത്തകപ്പാട്ടത്തിനു കൊടുക്കുവാൻ ഗവണ്മെന്റു് തീരുമാനിച്ചിട്ടുണ്ടു്.

ഉദ്ദേശം 30,000 ഏക്കർ വനഭൂമി കുത്തകപ്പാട്ടത്തിനു കൊടുക്കുവാൻ ഏൽപ്പിക്കുന്നതാണു്.

അനേകം വ്യക്തികളുടേയും സംഘടനകളുടേയും പേരിലാണു് പ്രസ്തുത സ്ഥലങ്ങൾ ഇരിക്കുന്നതു്. അവർ അവരുടെ കൈവശവസ്തുക്കളെ പലർക്കും കൈമാറ്റം ചെയ്തതായി പരാതികൾ ലഭിച്ചിട്ടുണ്ടു്. ടി ഭൂമി റവന്യൂ ഡിപ്പാർട്ടുമെന്റിലേയ്ക്കു് കൈമാറിയതിനുശേഷം അപേക്ഷകരുടെ അർഹതയനുസരിച്ചു് കുത്തകപാട്ടത്തിനു നൽകുന്നതാണു്.

മന്ത്രിമാരും, ഡി. സി. സി. യും.

* 1050. [50] ശ്രീ. ബി. ബി. പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെ സന്ദർശനപരിപാടികൾ നിശ്ചയിക്കുന്നതു് ആരാണു്;

(ബി) ഓരോ സ്ഥലത്തേയും ഡി. സി. സി. യുടെ നിർദ്ദേശമനുസരിച്ചാണോ മന്ത്രിമാർ ഓരോ പ്രദേശവും സന്ദർശിക്കുന്നതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മന്ത്രിമാർ തന്നെ.

(ബി) അല്ല.

LIBRARY ARCHIVES Kerala Legislative Assembly